**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4002** **27-10-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയം ഭരണ വകുപ്പ് ഏകീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ വകുപ്പ് ഏകീകരണം വഴി നിലവിലെ നിർവ്വഹണോദ്യോഗസ്ഥരുടെ വകുപ്പുതല അധികാരശ്രേണിയിൽ മാറ്റം വരുന്നുണ്ടോ; ഉണ്ടെങ്കിൽ ഏത് തരത്തിലാണെന്ന് വിശദമാക്കാമോ; | (എ) | തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള അഞ്ച് വകുപ്പുകളെ ഏകീകരിച്ചുകൊണ്ട് തദ്ദേശ സ്വയം ഭരണ പൊതുസർവീസ് രൂപീകരിച്ച് സ.ഉ.(കൈ) നം.106/2020/ത.സ്വ.ഭ.വ തീയതി, 17.07.2020 പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ഏകീകൃത തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ തലവൻ പ്രിൻസിപ്പൽ ഡയറക്ടർ ആയിരിക്കുന്നതാണ്. നിലവിലുള്ള ഗ്രാമവികസനം , പഞ്ചായത്ത്, നഗരകാര്യം , എന്നീ മൂന്ന് വകുപ്പുകൾ സംയോജിപ്പിച്ച് റൂറൽ, അർബൻ എന്നീ രണ്ട് വിംഗുകൾ രൂപീകരിക്കുകയും ഗ്രാമവികസന കമ്മീഷണർ, പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ എന്നിവർക്ക് പകരം എൽ.എസ്.ജി.ഡി.(റൂറൽ) ഡയറക്ടർ, എൽ.എസ്.ജി.ഡി.(അർബൻ) ഡയറക്ടർ, പ്രിൻസിപ്പൽ ഡയറക്ടർ എന്നീ തസ്തികകൾ നിലവിൽ വരുന്നതുമാണ്. നിലവിലുള്ള എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ ചുമതലയിൽ ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ് എന്ന് മാറുന്നതാണ്. നിലവിലുള്ള നഗര ഗ്രാമാസൂത്രണ വകുപ്പ് ചീഫ് ടൗൺപ്ലാനറുടെ ചുമതലയിൽ പ്ലാനിംഗ് വിംഗായി മാറുന്നതാണ്. |
| (ബി) | ഇത്തരം മാറ്റം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് ഏത് തരത്തിലാണ് സഹായകമാകുന്നത് എന്നറിയിക്കാമോ? | (ബി) | വ്യത്യസ്തങ്ങളായി നിൽക്കുന്ന അഞ്ച് വകുപ്പുകൾ ഏകീകരിക്കുന്നതോടുകൂടി ഭരണ രംഗത്ത് ആസൂത്രണത്തിൽ ഉണ്ടാകുന്ന വലിയ മാറ്റങ്ങളുടെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുന്നതാണ്. ഇതിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമതയും വികസന നേട്ടങ്ങളും ഉയർത്തുന്നതിനും പ്രാദേശിക വികസനത്തിൽ ഏകോപനവും സംയോജനവും ഉറപ്പാക്കുന്നതിനും കഴിയും. ഗ്രാമപഞ്ചായത്തിലും, ബ്ലോക്ക് പഞ്ചായത്തിലും, ജില്ലാപഞ്ചായത്തിലും, |

| | | | |
|---|---|---|---|
| | | | മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലും ഉള്ള ജീവനക്കാർ ഒരേ വകുപ്പിന് കീഴിൽ ആകുന്നതോടെ സേവന, വികസന പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന മാറ്റം ജനങ്ങൾക്ക് കൂടുതൽ അനുഭവവേദ്യമാകും വിവിധ തട്ടുകളിൽ പ്രവർത്തിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം ആസൂത്രണ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിന് അനിവാര്യമാണ്. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമവും ഫലപ്രദവുമാകുന്നതിന് ജില്ലാ/ ബ്ലോക്ക് / ഗ്രാമപഞ്ചായത്തുകൾക്കിടയിലും ഇവ തമ്മിലും മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും തമ്മിലും യോജിച്ച് കൊണ്ടുള്ള പ്രവർത്തനം ആവശ്യമാണ്. തദ്ദേശസ്വയംഭരണ പൊതുഭരണ സംവിധാനം ഏകോപിതമായി പ്രവർത്തിക്കുന്നതോടെ വിവിധ കേന്ദ്രാവിഷ്കൃത – സംസ്ഥാനാവിഷ്കൃത പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫലപ്രദമായി പ്രാദേശിക പദ്ധതിയുമായി സംയോജിപ്പിച്ച് സമഗ്രവികസന പദ്ധതികളാക്കി മാറ്റി വികസന നേട്ടങ്ങൾ ഉയർത്തുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗമായ സാങ്കേതിക വിഭാഗം ജീവനക്കാരായ എഞ്ചിനീയറിംഗ്, നഗര-ഗ്രാമാസൂത്രണം, പൊതുജനാരോഗ്യം എന്നീ മേഖലകളിലെ ഉദ്യോഗസ്ഥരുടെ സേവനം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ ആസൂത്രണ സമിതികൾക്കും മെച്ചപ്പെട്ട നിലയിൽ ഉറപ്പാക്കുന്നതിനും കഴിയും. |

സെക്ഷൻ ഓഫീസർ